വിദ്യാഭ്യാസ മേഖലയിലെ പുനർവിന്യാസ നടപടികൾ

95 (3654) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിലെ പുനർവിന്യാസ നടപടികൾ ഏതുവരെയായി എന്ന് വിശദീകരിക്കാമോ ;

(ബി) കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ എത്ര അദ്ധ്യാപകരെ പുനർവിന്യാസ നടപടിയിലൂടെ എവിടെയൊക്കെ നിയമിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 5063 സംരക്ഷിതാദ്ധ്യാപകർ ഉണ്ടായിരുന്നതിൽ 2002-03 അദ്ധ്യയന വർഷാവസാനത്തോടുകൂടി 800 പേർ ഒഴികെ 4263 അദ്ധ്യാപകരെ പുനർവിന്യസിച്ചു. ബാക്കിയുള്ളവരെയും പുനർവിന്യസിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കണ്ണൂർ ജില്ലയിൽ 1039 സംരക്ഷിതാദ്ധ്യാപകർ ഉണ്ടായിരുന്നതിൽ 194 പേർ ഒഴികെ 845 പേരെ പുനർവിന്യസിച്ചിട്ടുണ്ട്. ഇവരിൽ ഒരാളെ കൊല്ലത്തും ഒരാളെ കോഴിക്കോട്ടും ബാക്കി 843 പേരെ കണ്ണൂർ ജില്ലയിലുമാണ് പുനർ വിന്യസിച്ചിട്ടുള്ളത്. കോഴിക്കോട് ജില്ലയിൽ 621 സംരക്ഷിതാദ്ധ്യാപകരിൽ 373 പേരെ അതെ ജില്ലയിൽ തന്നെ പുനർവിന്യസിച്ചിട്ടുണ്ട്.

സ്വകാര്യ എയ്ഡഡ് സ്കൂളുകളിലെ പ്രൊട്ടക്ടഡ് അദ്ധ്യാപക നിയമനം

96 (3655) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രൊട്ടക്ടഡ് അദ്ധ്യാപകർ പോയത് മൂലം എയ്ഡഡ് വിദ്യാലയത്തിൽ വന്ന ഒഴിവിൽ പുതുതായി അദ്ധ്യാപകരെ നിയമിക്കാൻ സർക്കാർ അനുമതി നൽകാറുണ്ടോ ?

ഉത്തരം

ഇല്ല.

ഗവൺമെന്റ് എയിഡഡ് മേഖലകളിൽ അധികമുള്ള അദ്ധ്യാപകർ

97 (3656) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ്-എയ്ഡഡ് മേഖലകളിൽ എത്ര അദ്ധ്യാപകർ ഈ വർഷം അധികമുണ്ടെന്ന് പ്രത്യേകം പ്രത്യേകം അറിയിക്കാമോ ;

(ബി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ എത്ര വിദ്യാർത്ഥികളുടെ കുറവുണ്ടെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly